LIBRARY ARCHIVES Kerala Legislative Assembly

ജില്ലാ കൃഷി തോട്ടം

സമ്മിശ്ര കൃഷിയിൽ പോത്തുകുട്ടികളെക്കൂടി വളർത്തി വിപുലമാക്കൽ, തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെടുത്തി സാറ്റലൈറ്റ് നഴ്സറികൾ ആവശ്യകത അനുസരിച്ച് ബ്ലോക്കുതലത്തിൽ തുടങ്ങൽ, ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് വിദഗ്ധരുടെ സേവനം ഉൾപ്പെടുത്തിക്കൊണ്ട് ഫാം ടൂറിസം നടപ്പിലാക്കുക, സംസ്കരണം, വിപണനം എന്നിവയുടെ പുതിയ മേഖലകൾ ആരംഭിക്കുക, കർഷകരുടെ ഉൽപ്പന്നങ്ങൾ (മഞ്ഞൾ) സംഭരിച്ച് പൊടിച്ച് ബ്രാൻഡ് ചെയ്ത് വിൽക്കുക, പച്ചക്കറി കൃഷി പദ്ധതി, ഫല വൃക്ഷത്തൈ ഉൽപ്പാദനം, സമ്മിശ്ര കൃഷി എന്നിവയും ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

ബനാനാ നഴ്സറി

ആർ.ഐ.ഡി.എഫ് പദ്ധതി പ്രകാരം ഫാം റോഡിന്റെ വികസനം, സംയോജിത കൃഷി പദ്ധതി പ്രകാരം നാടൻ പശുക്കളെ വാങ്ങൽ, നടീൽ വസ്തുക്കളുടെ ഉൽപ്പാദനം, വേരുപിടിപ്പിച്ച കുരുമുളക് തൈകളുടെ ഉൽപ്പാദനം, തദ്ദേശീയവും വിദേശ ഇനങ്ങളുമായ ഫലവൃക്ഷങ്ങളുടെ മാതൃസസ്യത്തോട്ടം നിർമ്മിക്കലും പരിപാലനവും, ഒരു കോടി ഫലവൃക്ഷത്തൈ വിതരണ പദ്ധതിയുമായി ബന്ധപ്പെട്ട തൈകളുടെ ഗ്രാഫ്റ്റുകളുടെയും ലെയറുകളുടെയും ഉൽപ്പാദനം, തെങ്ങിൻ തൈകളുടെ ഉൽപ്പാദന പദ്ധതി എന്നിവയും ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

ഒരു കോടി ഫലവൃക്ഷത്തൈ വിതരണ പദ്ധതി

45 (4433) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം നടപ്പിലാക്കിയ ഒരു കോടി ഫലവൃക്ഷത്തൈ വിതരണ പദ്ധതിയിൽ ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ്, ലെയറിംഗ്, ടിഷ്യുകൾച്ചർ എന്നീ കായിക പ്രജനന രീതികളിലൂടെ ഉൽപ്പാദിപ്പിച്ച തൈകളുടെ എണ്ണം എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ?

ഇനം	എണ്ണം
ഗ്രാഫ്റ്റ്/ബഡ്ഡ്	253712
ലെയർ	72637
ടിഷ്യുകൾച്ചർ	681017

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഗുണമേന്മയുള്ള മാതൃവൃക്ഷങ്ങളുടെ തൈകൾ കായിക പ്രജനനം വഴി ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുവാനുള്ള എന്തെങ്കിലും പദ്ധതി ഉണ്ടോ?

ഗുണമേന്മയുള്ള മാതൃവൃക്ഷങ്ങളുടെ തൈകൾ കായിക പ്രജനനം വഴി ഉൽപ്പാദിപ്പിച്ചുവിതരണം നടത്തുന്നുണ്ട്. 2021-22 സാമ്പത്തിക വർഷം ഫലവർഗ്ഗ വികസന പദ്ധതി പ്രകാരം ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉൽപ്പാദനത്തിനായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൃഷിവകുപ്പ് ഫാമുകളിൽ കായിക പ്രജനനം നടത്തി മുന്തിയ ഇനം ഫലവർഗ്ഗങ്ങളുടെ 26 ലക്ഷം ഗ്രാഫ്റ്റുകൾ, 2.72 ലക്ഷം ലെയറുകൾ, 10.98 ലക്ഷം ടിഷ്യുകൾച്ചർ വാഴതൈകൾ എന്നിവ ഉൽപ്പാദിപ്പിക്കുന്നതിന് 2021-22 ഫലവർഗ്ഗ വികസന പദ്ധതി പ്രകാരം ലക്ഷ്യമിടുന്നുണ്ട്.

കൃഷി ഫാമുകൾ നവീകരിക്കുന്ന പദ്ധതി

46 (4434) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൃഷി ഫാമുകൾ നവീകരിക്കുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

(I) സംസ്ഥാനത്തെ കൃഷി ഫാമുകൾ നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് അഗ്രിക്കൾച്ചറൽ എഞ്ചിനീയറുടെ കീഴിൽ നടപ്പിലാക്കപ്പെടുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു :

1. കൊല്ലം ജില്ലയിൽ അഞ്ചൽ ജില്ലാ കൃഷിത്തോട്ടം, കൊട്ടാരക്കര സ്റ്റേറ്റ് സീഡ് ഫാം, കടയ്ക്കൽ സ്റ്റേറ്റ് സീഡ് ഫാം, കരുനാഗപ്പള്ളി കോക്കനട്ട് നഴ്സറി എന്നീ ഫാമുകളിൽ 92 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് ടെൻഡർ നടപടികൾ സ്വീകരിച്ചുവരുന്നു.

2. തൃശ്ശൂർ ജില്ലയിൽ കോടശ്ശേരി സ്റ്റേറ്റ് സീഡ് ഫാം, പാണഞ്ചേരി സ്റ്റേറ്റ് സീഡ് ഫാം എന്നീ ഫാമുകളിൽ 16 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് നടപടികൾ സ്വീകരിച്ചുവരുന്നു.

3. പാലക്കാട് ജില്ലയിൽ നെല്ലിയാമ്പതി ഓറഞ്ച് ആൻഡ് വെജിറ്റബിൾ ഫാം, പട്ടാമ്പി സെൻട്രൽ ഓർച്ചാർഡ്, മലമ്പുഴ ഹോർട്ടികൾച്ചർ ഡെവലപ്മെന്റ് ഫാം എന്നീ ഫാമുകളിൽ 285.11 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് നടപടികൾ സ്വീകരിച്ചുവരുന്നു.